## 2005-ലെ 25-ാം ആക്റ്റ്

## 2005-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽവഴി ഏറ്റെടുക്കൽ) ആക്റ്റ് *

ചരിത്ര സങ്കേതമായ കോവളം കൊട്ടാരവും ചുറ്റുപാടുമുള്ള കെട്ടിടങ്ങളും സ്ഥലങ്ങളും വീണ്ടെടുക്കൽവഴി കേരള സർക്കാർ ഏറ്റെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരളത്തിൽ വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനുള്ള ആവശ്യത്തിനായി കേരള സർക്കാർ, 1970-ാമാണ്ടിൽ കോവളം കൊട്ടാരവും, അതിനോടുചേർന്നു കിടക്കുന്ന 4.13.30 ഹെക്ടർ അളവുള്ള വസ്തുവും മറ്റ് ഭൂമികളോടൊപ്പം, കൈമാറ്റത്തിന്റെ ഉപാധികളുടെയും നിബന്ധനകളുടെയും അന്തിമ തീർപ്പ് ഉണ്ടാവാനിരിക്കെ, ഇന്ത്യാ ഗവൺമെന്റിന്റെ വിനോദസഞ്ചാര വകുപ്പിന് കൈവശം വയ്ക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ടായിരുന്നതിനാലും;

അതിനുശേഷം കൈമാറ്റത്തിന്റെ ഉപാധികളും നിബന്ധനകളും തീർപ്പാക്കിയിട്ടില്ലാത്തതിനാലും;

ഇന്ത്യാ ഗവൺമെന്റിന്റെ ഹോട്ടലുകളുടെ സ്വകാര്യവൽക്കരണ തീരുമാനത്തിന്റെ അനന്തരഫലമായി, ഇന്ത്യാ ഗവൺമെന്റിന്റെ വിനോദസഞ്ചാര വകുപ്പിന്റെ ഏജൻസിയായ ഇന്ത്യാ വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ കൈവശത്തിലായിരുന്ന കോവളം കൊട്ടാരവും ചുറ്റുപാടുമുള്ള കെട്ടിടങ്ങളും ഭൂമിയും, 1956-ലെ കമ്പനീസ് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത, എം-ഫാർ ഹോട്ടൽസ് ലിമിറ്റഡിന് 2002 ജൂലായിൽ കെട്ടിടങ്ങളുടെയും ഭൂമിയുടെയും കൈവശം പുനഃകൈമാറ്റം ചെയ്തിരുന്നതിനാലും;

പ്രസ്തുത കൈമാറ്റം സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ അല്ലാതിരുന്നതിനാലും;

ഇപ്പോഴും പ്രസ്തുത കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥരും ഉടമസ്ഥാവകാശികളും സർക്കാർ ആയിരിക്കുന്നതിനാലും;

---

* 2005 ആഗസ്റ്റ് 12-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2005 ആഗസ്റ്റ് 12-ാം തീയതിയിലെ 1842-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

**2004** സെപ്റ്റംബർ **25-**ാം തീയതി പുറപ്പെടുവിച്ച സ.ഉ. (പി) നമ്പർ **302/2004**/റവന്യൂ വകുപ്പ് എന്ന സർക്കാർ ഉത്തരവിൻ പ്രകാരം **2004** സെപ്റ്റംബർ **27-**ാം തീയതി കോവളം കൊട്ടാര കെട്ടിടവും അതിന്റെ ചുറ്റുമുള്ള വലിയപങ്കും ഭൂമികളും സർക്കാർ കൈവശം ഏറ്റെടുത്തിരിക്കുന്നതിനാലും;

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അതിന്റെ **2005** ഏപ്രിൽ **8-**ാം തീയതിയിലെ മെസ്സേഴ്സ് എം-ഫാർ ഹോട്ടൽ ലിമിറ്റഡും മറ്റൊരാളും വേഴ്സസ് യൂണിയൻ ഓഫ് ഇൻഡ്യയും മറ്റുള്ളവരും എന്ന **2004-**ലെ **1796-**ാം നമ്പർ റിട്ട് അപ്പീലിലെ വിധിന്യായത്തിൽ, കൈവശം എടുത്ത സർക്കാർ ഉത്തരവ് റദ്ദാക്കിയതിനാലും;

ബഹുമാനപ്പെട്ട ഹൈക്കോടതി, നിയമം അധികാരപ്പെടുത്തിയ രീതിയിലല്ലാതെ ഹർജിക്കാരനെ വസ്തുവിന്റെ കൈവശത്തിൽ നിന്നും ഒഴിപ്പിക്കാൻ കഴിയില്ലായെന്നും, എന്നാൽ, വ്യവസ്ഥാപിതമായ നിയമ നടപടിയിലൂടെ സംസ്ഥാന സർക്കാരിന് നടപടി തുടരുന്നതിന് വിധിന്യായം തടസ്സമാകില്ലെന്നും നിരീക്ഷിച്ചിട്ടുള്ളതിനാലും;

ചരിത്രസങ്കേതമായ കോവളം കൊട്ടാരം വിനോദസഞ്ചാരികളുടെ ആകർഷണങ്ങളിൽ ഒന്നുകൂടി ആയിരിക്കുകയും വിനോദസഞ്ചാരത്തിന്റെ പൊതു ഉദ്ദേശം നിറവേറ്റപ്പെടുകയും ചെയ്യുമെന്നതിനാലും;

പൊതു ആവശ്യത്തിലേക്കായി കോവളം കൊട്ടാരം നിലനിർത്തിക്കൊണ്ടും പ്രത്യേകിച്ച് കോവളം കൊട്ടാരവും ചുറ്റുപാടുമുള്ള ഭൂമിയും ചരിത്രപരമായ താൽപ്പര്യം ഉള്ള വസ്തുവായും പൈതൃക സ്ഥാനമായും നിലനിർത്തിക്കൊണ്ടും പൊതുജനങ്ങളുടെ താൽപ്പര്യ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് പൊതു താൽപ്പര്യത്തിന് യുക്തമായിരിക്കുന്നതിനാലും;

കോവളം കൊട്ടാരവും ചുറ്റുപാടുമുള്ള ഭൂമിയും ചരിത്രപരമായ താൽപ്പര്യമുള്ള വസ്തുവായും പൈതൃക സ്ഥാനമായും നിലനിർത്തിക്കൊണ്ട് മേൽപ്പറഞ്ഞ ലക്ഷ്യം നേടേണ്ടിയിരിക്കുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയാറാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

**1.** ചുരുക്കപ്പേരും പ്രാരംഭവും.—**(1)** ഈ ആക്ടിന് **2005**-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽവഴി ഏറ്റെടുക്കൽ) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

**(2)** ഇത് **2004** സെപ്റ്റംബർ **25**-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

**2.** നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കമ്മീഷണർ" എന്നാൽ **6**-ാം വകുപ്പ് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി നിയമിച്ച കമ്മീഷണർ എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "കോവളം കൊട്ടാരം" എന്നാൽ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ സർവ്വേ നമ്പർ **7/1**-ലെ ഭൂമിയിൽ തിരുവിതാംകൂർ റീജന്റ് മഹാറാണി സേതുലക്ഷ്മീഭായി പണി കഴിപ്പിച്ച ഹാൽസിയോൺ കാസിൽ എന്നപേരിൽ അറിയപ്പെടുന്ന കോവളം കൊട്ടാരവും അതിന് ചുറ്റുമുള്ള കെട്ടിടങ്ങളും **4.13.30** ഹെക്ടർ അളവുള്ള ഭൂമിയും ആകുന്നു;

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## വീണ്ടെടുക്കൽവഴി കോവളം കൊട്ടാരം ഏറ്റെടുക്കൽ

**3.** വീണ്ടെടുക്കൽവഴി കോവളം കൊട്ടാരം ഏറ്റെടുക്കൽ.—**(1)** തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, അല്ലെങ്കിൽ കരാറിലോ മറ്റ് പ്രമാണങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും ചരിത്രസങ്കേതമായ കോവളം കൊട്ടാരത്തിന്റെ കൈവശാവകാശം എല്ലാ ബാദ്ധ്യതകളിൽനിന്നും വിമുക്തമായി കൈമാറ്റപ്പെട്ട് സർക്കാരിൽ നിക്ഷിപ്തമാകുന്നതും ആ ഭൂമിയോ

കെട്ടിടങ്ങളോ സംബന്ധിച്ച് മറ്റെല്ലാ വ്യക്തികൾക്കും ഉള്ള അവകാശവും കൈവശാവകാശവും താല്പര്യവും ഇല്ലാതാകുന്നതുമാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ അല്ലെങ്കിൽ ഏതെങ്കിലും കരാറിലോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രമാണങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, **2004** സെപ്റ്റംബർ **27**-ാം തീയതി സർക്കാർ ഏറ്റെടുത്തുകഴിഞ്ഞ ചരിത്രസങ്കേതമായ കോവളം കൊട്ടാരത്തിന്റെ കൈവശാവകാശം ഈ അക്റ്റിലെ വ്യവസ്ഥകൾക്കുകീഴിൽ ഏറ്റെടുക്കപ്പെട്ടതായി കരുതപ്പെടേണ്ടതും **2004** സെപ്റ്റംബർ **27**-ാം തീയതി മുതൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുകീഴിൽ നിയമാനുസൃതമായി കൈവശം എടുക്കപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

**4.** നിക്ഷിപ്തമാക്കലിന്റെ പൊതുവായ ഫലം.—**(1)** തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ അല്ലെങ്കിൽ ഏതെങ്കിലും കരാറിലോ മറ്റ് ഏർപ്പാടുകളിലോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് ചരിത്രസങ്കേതമായ കോവളം കൊട്ടാരം സംബന്ധിച്ച് എന്തുതന്നെ അടങ്ങിയിരുന്നാലും അവയെല്ലാം അപ്രകാരമുള്ള പ്രാരംഭം മുതൽ അവസാനിച്ചതായി കരുതപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യത്തിന് തൊട്ടുമുമ്പ് സർക്കാരിന്റെ അനുവാദത്തോടെയുള്ള കൈവശാവകാശത്തോടെ ചരിത്രസങ്കേതമായ കോവളം കൊട്ടാരത്തിന്റെ ചുമതലയും അതിന്റെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നവരുമായ എല്ലാ വ്യക്തികളും അങ്ങനെയുള്ള പ്രാബല്യം മുതൽ അവരുടെ നിയന്ത്രണത്തിന്റെ ചുമതല ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം III

## ദേഹണ്ഡങ്ങൾക്കുള്ള നഷ്ടപരിഹാരം നൽകൽ

**5.** തുക നൽകൽ.—**(1) 1970**-ൽ സർക്കാർ കൈവശം വിട്ടുകൊടുത്ത തീയതി മുതൽ **3**-ാം വകുപ്പുപ്രകാരം വീണ്ടെടുക്കൽ വഴി ഏറ്റെടുത്ത തീയതിവരെയുള്ള കാലയളവിൽ ചരിത്രസങ്കേതമായ കോവളം കൊട്ടാരത്തിൽ നടത്തിയിട്ടുള്ള ഏത് ദേഹണ്ഡങ്ങൾക്കും ഏതെങ്കിലും ആളിന് സിദ്ധിച്ചിരിക്കാവുന്ന ഏതെങ്കിലും താൽപ്പര്യത്തിന്റെ മൂല്യത്തിനും **2**-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള

തത്വങ്ങൾക്കനുസൃതമായി കോവളം കൊട്ടാരത്തിൽ നടത്തിയിട്ടുള്ള അത്തരത്തിലുള്ള ദേഹണ്ഡങ്ങൾക്കും ഏതെങ്കിലും ആളിന് സിദ്ധിച്ചിരിക്കാവുന്ന മറ്റേതെങ്കിലും അവകാശത്തിനും നഷ്ടപരിഹാരമായി ഒരു തുക സർക്കാർ നൽകേണ്ടതാണ്.

**(2)** നഷ്ടപരിഹാരം നൽകുന്നതിന് പാലിക്കേണ്ട തത്വങ്ങൾ താഴെ പറയുന്നവയാണ്,—

(എ) കെട്ടിടത്തിനോ ഭൂമിക്കോ നടത്തിയിട്ടുള്ള ഏതെങ്കിലും ദേഹണ്ഡം സംബന്ധിച്ച് അതിന്റെ മൂല്യം ആ കാലഘട്ടത്തിൽ നിലവിലുള്ള നിരക്കിലായിരിക്കുന്നതാണ്;

(ബി) കെട്ടിടത്തിന്റെ വില കണക്കാക്കുന്നതിൽ, വില പരമാവധി അൻപത് ശതമാനം എന്നതിന് വിധേയമായി വർഷംതോറും അഞ്ച് ശതമാനം നിരക്കിൽ വിലയിടിവ് കണക്കാക്കാവുന്നതാണ്;

(സി) സിദ്ധിച്ചിരിക്കാവുന്ന മറ്റ് ഏതെങ്കിലും താൽപ്പര്യത്തിന്റെ മൂല്യം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ കണക്കാക്കാവുന്നതാണ്;

(ഡി) പ്രസ്തുത പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനത്തിന്റെയോ തദ്ദേശ അധികാര സ്ഥാനങ്ങളുടെയോ മററ് സർക്കാർ അധികാര സ്ഥാനങ്ങളുടേയോ നിയമപ്രകാരമുള്ള അനുമതി കൂടാതെ നടത്തിയിട്ടുള്ള യാതൊരു ദേഹണ്ഡത്തിനും നഷ്ട പരിഹാരത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

<u>അദ്ധ്യായം **IV**</u>

## തുക നൽകുന്നതിനായുള്ള കമ്മീഷണർ

**6.** നഷ്ടപരിഹാരം നൽകുന്നതിന് കമ്മീഷണറെ നിയമിക്കൽ.—**(1)** **5**-ാം വകുപ്പ് പ്രകാരം നഷ്ടപരിഹാരം നൽകേണ്ട ആവശ്യത്തിലേക്കായി ജില്ലാ കളക്ടറുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ നഷ്ടപരിഹാരം നൽകുന്നതിനുള്ള കമ്മീഷണറായി ഗസറ്റ് വിജ്ഞാപനംവഴി സർക്കാർ നിയമിക്കേണ്ടതാണ്.

**(2)** ഈ ആക്റ്റ് പ്രകാരം കമ്മീഷണർക്ക് നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് കമ്മീഷണറെ സഹായിക്കാനായി ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരേയും സർക്കാരിന് നിയമിക്കാവുന്നതാണ്.

(3) ഈ വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള കമ്മീഷണറുടേയും മറ്റ് ആളുകളുടേയും ശമ്പളവും ബത്തകളും കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചെലവാക്കേണ്ടതാണ്.

**7.** കമ്മീഷണർ മുമ്പാകെ അവകാശങ്ങൾ ഉന്നയിക്കണമെന്ന്.—**(1)** **5**-ാം വകുപ്പ് പ്രകാരം നഷ്ടപരിഹാരത്തിന് അർഹതയുള്ള ഏതൊരാളും അവകാശങ്ങൾ നിർണ്ണയിച്ചേക്കാവുന്ന രീതിയിലും അങ്ങനെയുള്ള സമയ പരിധിക്കുള്ളിലും കമ്മീഷണറുടെ മുമ്പാകെ ഉന്നയിക്കേണ്ടതാണ്.

**(2)** കമ്മീഷണർ ഓരോ അവകാശവാദവും ബന്ധപ്പെട്ട വിശദാംശങ്ങൾ സഹിതം പരിശോധിക്കേണ്ടതും ബാധിക്കുന്ന ആളിന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നല്കിയതിനുശേഷം നഷ്ടപരിഹാരങ്ങൾ നല്കേണ്ട തത്വങ്ങൾ ഉപയോഗിച്ച് നല്കേണ്ടതായ തുക തീരുമാനിച്ച് നിർണ്ണയിക്കപ്പെട്ട രീതിയിൽ അങ്ങനെയുള്ള തുക നല്കേണ്ടതുമാണ്.

**(3)** കമ്മീഷണർക്ക്, നഷ്ടപരിഹാരം നല്കുന്നതിൽ തന്റെ അധികാരം വിനിയോഗിക്കുമ്പോഴുണ്ടാകുന്ന എല്ലാ കാര്യങ്ങളുടേയും നടപടിക്രമങ്ങൾ സ്വമേധയാ ക്രമീകരിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും ഈ ആക്റ്റിൻകീഴിൽ ഏത് പരിശോധന നടത്തുന്നതിന്റെയും ആവശ്യത്തിനുവേണ്ടി താഴെ വിവരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് **1908**-ലെ സിവിൽ നടപടി നിയമത്തിൽ (**1908**-ലെ **5**-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുകയും ഹാജരാകാൻ നിർദ്ദേശിക്കുകയും പ്രതിജ്ഞാവാചകം ചൊല്ലി വിസ്തരിക്കുകയും ചെയ്യുന്നതിന്;

(ബി) ഏതെങ്കിലും പ്രമാണമോ അല്ലെങ്കിൽ തെളിവായി ഹാജരാക്കുന്ന മറ്റേതെങ്കിലും വസ്തുവോ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും;

(സി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്;

(ഡി) നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള മറ്റ് കാര്യങ്ങൾക്ക്.

**8.** അവകാശങ്ങൾ ഉന്നയിക്കുന്നവരുടെ അപ്പീൽ.— **7**-ാം വകുപ്പിൻകീഴിൽ കമ്മീഷണർ എടുത്ത തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരു അവകാശവാദിക്കും അപ്രകാരമുള്ള തീരുമാനം രേഖാമൂലം അറിഞ്ഞ് മുപ്പത് ദിവസത്തിനുള്ളിൽ തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ കോടതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

## <u>അദ്ധ്യായം V</u>

## പലവക

**9.** ആക്റ്റിന്റെ അതിപ്രഭാവം.—ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലേയോ വ്യവസ്ഥകൾക്ക് അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമംമൂലം പ്രഭാവം ലഭിച്ച ഏതെങ്കിലും രേഖയിലോ ഡിക്രിയിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ അല്ലെങ്കിൽ അധികാരസ്ഥാനത്തിന്റെയോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

**10.** ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റിൻ കീഴിൽ ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ അല്ലെങ്കിൽ ചെയ്യാൻ വിട്ടുപോയതോ ആയ ഏതൊരു ചെയ്തിക്കോ അല്ലെങ്കിൽ ചെയ്യാൻ വിട്ടുപോകലിനോ ഗവൺമെന്റിനെതിരെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ജോലിക്കാർക്കെതിരെയോ യാതൊരു വ്യവഹാരമോ, ശിക്ഷാനടപടികളോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

**11.** സിവിൽ കോടതിയുടെ അധികാരിതയ്ക്കുള്ള വിലക്ക്.—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ ആക്ട് പ്രകാരമോ അതിൻ കീഴിലോ കമ്മീഷണറോ മറ്റേതെങ്കിലും ഓഫീസറോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ തീർപ്പ് കൽപ്പിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം തീരുമാനിക്കാനോ കൈകാര്യം ചെയ്യാനോ ഏതെങ്കിലും സംഗതി തീർപ്പാക്കാനോ യാതൊരു സിവിൽ കോടതിക്കും അധികാരിതയുണ്ടായിരിക്കുന്നതല്ല.

**12.** ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി, ഗസറ്റ് വിജ്ഞാപനം മുഖേന

മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതത് സംഗതിപോലെ, ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു: എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

**13. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1)** ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന്, ഉത്തരവുമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതെ വൈഷമ്യം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് നടപ്പിൽവന്ന തീയതി മുതൽ രണ്ടുവർഷക്കാലയളവിന് ശേഷം അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

**14. സാധൂകരിക്കൽ.—2004** സെപ്റ്റംബർ **25**-ാം തീയതി പുറപ്പെടുവിച്ച സ.ഉ. (പി) നമ്പർ **302/2004**/റ.വ.-ാം നമ്പർ സർക്കാർ ഉത്തരവിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, **2004** സെപ്റ്റംബർ **25**-ാം തീയതി മുതൽ **2005**-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽവഴി ഏറ്റെടുക്കൽ) ഓർഡിനൻസ് ഗസറ്റിൽ വിജ്ഞാപനം ചെയ്ത തീയതി വരെയുള്ള കാലയളവിൽ ചരിത്രസങ്കേതമായ കോവളം കൊട്ടാരവും ചുറ്റുപാടുമുള്ള കെട്ടിടങ്ങളും

ഭൂമികളും കൈവശമെടുക്കുന്നതിന് ചെയ്ത എല്ലാ നടപടികളും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുകീഴിൽ നിയമാനുസൃതം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ച് കോവളം കൊട്ടാരവും ചുറ്റുപാടുമുള്ള കെട്ടിടങ്ങളും ഭൂമികളും ഹനിക്കുവാനുള്ള യാതൊരു വ്യവഹാരമോ മറ്റ് നടപടികളോ ഏതെങ്കിലും കോടതിയിലോ, ഏതെങ്കിലും അധികാരസ്ഥാനത്തിനു മുമ്പാകെയോ നിലനിൽക്കുന്നതോ തുടരുന്നതോ അല്ലാത്തതുമാണ്.

**15.** റദ്ദാക്കലും ഒഴിവാക്കലും.—**(1)** **2005**-ലെ കോവളം കൊട്ടാരം (വീണ്ടെടുക്കൽവഴി ഏറ്റെടുക്കൽ) ഓർഡിനൻസ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

**(2)** അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അഥവാ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.